ഉത്തരം

(എ) 1957-ലെ കേരളാ ബോയിലർ അറ്റൻഡൻസ് റൂൾസിലെ റൂൾ 8-ന് 21-11-2001-ലെ സർക്കാർ ഉത്തരവ് (ആർ. ടി.) നമ്പർ 3440/2001/എൽ. ബി. ആർ. പ്രകാരം വരുത്തിയ ഭേദഗതി നിയമപ്രകാരം സർക്കാർ നിയമിക്കുന്ന ഒരു പരീക്ഷാ ബോർഡാണ് ഫസ്റ്റ് ക്ലാസ്സും സെക്കന്റ് ക്ലാസ്സും ബോയിലർ അറ്റൻഡന്റ് കോംപിറ്റൻസി സർട്ടിഫിക്കറ്റ് പരീക്ഷകൾ നടത്തുന്നത്. ടി ഭേദഗതി നിയമങ്ങളിൽ റൂൾ 35-നും 36-നും വരുത്തിയ ഭേദഗതി പ്രകാരം ഈ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. റൂൾ 35-ന്റേയും 36-ന്റേയും പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) റൂൾ 40(1) ന്റെ പ്രൊവൈസോ പ്രകാരം, റൂൾ 38-ലെ സിലബസ് അനുസരിച്ച് സെക്കന്റ് ക്ലാസ്സ് ബോയിലർ അറ്റൻഡന്റ് കോംപിറ്റൻസി സർട്ടിഫിക്കറ്റ് പരീക്ഷ വാചാ പരീക്ഷയായും റൂൾ 39, 40 എന്നിവ പ്രകാരം ഫസ്റ്റ് ക്ലാസ്സ് ബോയിലർ അറ്റൻഡന്റ് കോംപിറ്റൻസി സർട്ടിഫിക്കറ്റ് പരീക്ഷ 30 മിനിട്ട് ദൈർഘ്യമുള്ള പരമാവധി 40 മാർക്കിന്റെ എഴുത്തു പരീക്ഷയും 60 മാർക്കിന്റെ വാചാപരീക്ഷയും [24-1-2003-ലെ സർക്കാർ ഉത്തരവ് (ആർ. ടി.) നമ്പർ 345/2003/എൽ. ബി. ആർ. പ്രകാരം വരുത്തിയ തിരുത്തൽ അനുസരിച്ച്] ഉൾപ്പെടെ ആകെ 100 മാർക്കിന്റെ പരീക്ഷയായും ആണ് നടത്തുന്നത്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) ഫാക്ടറികളിൽ വ്യാപകമായി അപകടങ്ങളും നാശനഷ്ടങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2001-ലെ കേരളാ ബോയിലർ അറ്റൻഡൻസ് ഭേദഗതി നിയമങ്ങൾ അനുസരിച്ചാണ് ഇപ്പോൾ ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും ബോയിലർ അറ്റൻഡൻസ് കോമ്പിറ്റൻസി സർട്ടിഫിക്കറ്റ് പരീക്ഷകൾ നടത്തുന്നത്. നിലവിലുള്ള ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കാര്യക്ഷമമായ രീതിയിലാണ് ഈ പരീക്ഷകൾ നടന്നു വരുന്നത് എന്നതിനാൽ പരീക്ഷാ രീതിയിൽ സമഗ്രമായ മാറ്റം വരുത്തുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

അങ്കമാലി അസിസ്റ്റന്റ് ലേബർ ഓഫീസ്

97 [3502] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ അനുവദിച്ചിട്ടുള്ള അസിസ്റ്റന്റ് ലേബർ ഓഫീസ് ഇപ്പോൾ ആലുവയിൽ ആണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആഫീസ് അങ്കമാലിയിൽ പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ അങ്കമാലിയിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി, ഡി) അങ്കമാലി അസിസ്റ്റന്റ് ലേബർ ഓഫീസ് അങ്കമാലിയിൽ പ്രവർത്തിപ്പിക്കുന്നതിന് അങ്കമാലി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഏകദേശം 250 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മുറി പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടകനിരക്കിന് നൽകാമെന്ന് അങ്കമാലി നഗരസഭ സമ്മതിച്ചിട്ടുണ്ട്. കെട്ടിട ഉടമയുടെ സമ്മതപത്രം, പൊതുമരാമത്ത് വകുപ്പിന്റെ വാടക സർട്ടിഫിക്കറ്റ്, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചാലുടൻ അസി. ലേബർ ഓഫീസ് അങ്കമാലിയിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

റൂട്ട് ദേശസാൽക്കരണം

98 [3503] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെങ്കിലും റൂട്ടുകൾ ദേശ സാൽക്കരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഇല്ല.

വാഹനപുക പരിശോധന സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ നടപടി

99 [3504] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ പുക പരിശോധന നടത്തി സർട്ടിഫൈ ചെയ്യാനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുക പരിശോധന നടത്താനുള്ള അധികാരം സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ സ്ഥാപനങ്ങൾക്ക് ഒരു പ്രത്യേക ഫീസ് നൽകിയാൽ ഏതു വാഹനത്തിനും സർട്ടിഫിക്കറ്റ് ലഭിക്കുന്ന സാഹചര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly